## വിദ്യാഭ്യാസമന്ത്രി പോലും അറിഞ്ഞില്ല

# ഹയർ സെക്കൻഡറി ഉത്തരവ് പിൻവലിക്കും

### ● ഡയറക്ടറോട് വിശദീകരണം തേടി

**സ്വന്തം ലേഖകൻ**

തിരുവനന്തപുരം● എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂൾ അധ്യാപക നിയമനവുമായി ബന്ധപ്പെട്ടു ഹയർസെക്കൻഡറി ഡയറക്ടർ പുറത്തിറക്കിയ വിവാദ സർക്കുലർ പിൻവലിക്കും. സർക്കുലറിലെ നിബന്ധനകൾക്കെതിരെ വ്യാപക എതിർപ്പുയർന്ന പശ്ചാത്തലത്തിലാണിത്. സർക്കുലറിനെക്കുറിച്ചു താൻ അറിഞ്ഞിട്ടില്ലെന്ന വിദ്യാഭ്യാസമന്ത്രി പി.കെ. അബ്ദുറബ്ബിന്റെ പ്രസ്താവനയോടെ ഹയർസെക്കൻഡറി ഡയറക്ടർ കേശവേന്ദ്രകുമാർ പ്രതിക്കൂട്ടിലുമായി. വിദ്യാഭ്യാസ സെക്രട്ടറി ഡോ. കെ. ഇളങ്കോവനും ഇക്കാര്യം അറിഞ്ഞിരുന്നില്ല.

അധ്യാപക നിയമത്തിനുള്ള വ്യവസ്ഥകൾ കർശനമാക്കി വെള്ളിയാഴ്ചയാണു ഹയർസെക്കൻഡറി ഡയറക്ടർ സർക്കുലർ പുറത്തിറക്കിയത്. ഹയർസെക്കൻഡറി സ്കൂളുകളിലെ അധ്യാപകർക്കു ശമ്പളം ലഭിക്കാത്തതുമായി ബന്ധപ്പെട്ടു ഹൈക്കോടതി സർക്കാരിനെയും ഡയറക്ടറെയും രൂക്ഷമായി വിമർശിച്ചതിന്റെ അടിസ്ഥാനത്തിലാണു സർക്കുലർ തയാറാക്കിയത്. സർക്കുലറിനെതിരെ അധ്യാപകസംഘടനകളും എൻഎസ്എസ് ഉൾപ്പെടെയുള്ള മാനേജ്മെന്റുകളും രംഗത്തെത്തി. ഹയർസെക്കൻഡറി വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച നടത്താതെയാണു സർക്കുലർ തയാറാക്കിയതെന്നാണു സൂചന.

അധ്യാപക നിയമനത്തിനുള്ള ഇന്റർവ്യൂവിൽ പിഎച്ച്ഡി ഉള്ളവർക്കു 10 മാർക്ക് നൽകണമെന്നും കലാകായിക രംഗങ്ങളിൽ മികവു പുലർത്തിയവർക്കു പ്രത്യേക പരിഗണന നൽകണമെന്നതടക്കമുള്ള നിബന്ധനകളാണു വിവാദമായത്. ഇന്റർവ്യൂ ബോർഡിന് നൽകാവുന്ന പരമാവധി മാർക്ക് 10 ആയി നിജപ്പെടുത്തിയതോടെ മാനേജ്മെന്റുകൾക്ക് അധ്യാപക നിയമനത്തിൽ ഒരു അധികാരവും ഇല്ലാതാകുന്ന അവസ്ഥയായെന്നാണ് ആരോപണം. സർക്കുലർ അടിയന്തരമായി പിൻവലിക്കണമെന്നു മുസ്ലിംലീഗ് അനുകൂല കെഎച്ച്എസ്ടിയു ഉൾപ്പെടെയുള്ള സംഘടനകളും ആവശ്യപ്പെട്ടു.

സർക്കുലറിനെക്കുറിച്ചു മന്ത്രി അബ്ദു റബ്ബ് ഡയറക്ടറോടു വിശദീകരണം തേടി. ഹയർസെക്കൻഡറിയിൽ പുതിയ അധ്യാപക തസ്തികകൾ അനുവദിച്ചു സർക്കാർ ഉത്തരവിറങ്ങിയതിന്റെ തൊട്ടുപിന്നാലെ ഒരു തരത്തിലുള്ള കൂടിയാലോചനകളും നടത്താതെ ഇറക്കിയ സർക്കുലർ അനാവശ്യ വിവാദമുണ്ടാക്കിയെന്ന നിലപാടിലാണു മന്ത്രി. ചൊവ്വാഴ്ച തിരുവനന്തപുരത്തെത്തിയ ശേഷം പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെയും ഹയർസെക്കൻഡറി ഡയറക്ടറുടെയും യോഗം വിളിച്ചു സർക്കുലറിലെ വിവാദ വ്യവസ്ഥകൾ പിൻവലിക്കാനാണു നീക്കം.

അതേസമയം, സർക്കുലർ നേരത്തെയുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലുള്ള വിശദീകരണം മാത്രമാണെന്നു ഹയർസെക്കൻഡറി ഡയറക്ടർ കേശവേന്ദ്രകുമാർ പറഞ്ഞു. കെഇആറിലെയും 2005ലെ സർക്കാർ ഉത്തരവിലെയും നിബന്ധനകൾ തന്നെയാണു പുതിയ സർക്കുലറിൽ ഉള്ളത്. ഹയർസെക്കൻഡറി അധ്യാപക നിയമനവുമായി ബന്ധപ്പെട്ടു കോടതിയിലും പുറത്തും ഒട്ടേറെ പരാതികൾ നിലനിൽക്കുന്ന സാഹചര്യത്തിലാണു വിശദീകരണ സർക്കുലർ ഇറക്കിയത്. വ്യാഴാഴ്ച രാത്രിയാണു സർക്കുലർ തയാറായത്. വെള്ളിയാഴ്ച തന്നെ സർക്കുലർ മന്ത്രിയുടെ ഓഫിസിൽ എത്തിച്ചിട്ടുണ്ടെന്നും കേശവേന്ദ്രകുമാർ പറഞ്ഞു.

**◉ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തി**

### സർക്കാർ ചർച്ച ചെയ്തിട്ടില്ല

ഹയർസെക്കൻഡറി വകുപ്പിന്റെ സർക്കുലർ തന്റെ അറിവോടെയല്ല പുറത്തിറങ്ങിയതെന്ന് മന്ത്രി പി.കെ. അബ്ദുറബ്ബ് പറഞ്ഞു. വ്യാഴാഴ്ച രാത്രി വരെ ഞാൻ തിരുവനന്തപുരത്തുണ്ടായിരുന്നു. പത്രവാർത്ത വഴിയാണ് സർക്കുലറിനെക്കുറിച്ച് അറിയുന്നത്. സർക്കുലറിലെ കാര്യങ്ങളൊന്നും സർക്കാർ ചർച്ച ചെയ്തിട്ടില്ല.

വിദ്യാഭ്യാസ മന്ത്രിയുടെ ഓഫിസുമായി ആലോചിച്ച ശേഷമേ അധ്യാപക നിയമനം ഉൾപ്പെടെയുള്ള പ്രധാന കാര്യങ്ങളിൽ തീരുമാനം എടുക്കാനാകൂ. എന്നാൽ, ഇത്തരത്തിൽ ഒരു തീരുമാനമോ ആലോചനയോ നടന്നിട്ടില്ല. ഏതു സാഹചര്യത്തിലാണ് ഡയറക്ടർ ഉത്തരവിറക്കിയതെന്ന് പരിശോധിക്കും. ഡയറക്ടറെ ഫോണിൽ വിളിച്ചിരുന്നു. സംഭവം മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അധ്യാപക നിയമനം സർക്കാർ പരിഗണനയിലുള്ള കാര്യമാണ് – മന്ത്രി പറഞ്ഞു.